# കേരള സർവകലാശാല

നം.പി.ആർ.155/2020

ഫോൺ: 2305738

## പത്രക്കുറിപ്പ്

### പിഎച്ച്.ഡി കോഴ്സ് വർക്ക് - തീയതി നീട്ടി

കേരള സർവകലാശാല നടത്തുന്ന പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് (ജൂലൈ 2020 സെഷൻ) അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2020 ആഗസ്റ്റ് 24 വരെ നീട്ടിയിരിക്കുന്നു.

### വൈവ

2020 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എം.സി.ജെ പരീക്ഷയുടെ വൈവ ആഗസ്റ്റ് 20 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അവസാന വർഷ ആന്വൽ സ്കീം ബി.കോം മാനേജ്മെന്റ് അക്കൗണ്ടിംഗ് പരീക്ഷ റദ്ദാക്കി

കേരള സർവകലാശാല ആന്വൽ സ്കീം ബി.കോം അവസാന വർഷ മാനേജ്മെന്റ് അക്കൗണ്ടിംഗ് പരീക്ഷ റദ്ദാക്കി. പ്രസ്തുത പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളും ആഗസ്റ്റ് 26 ന് നടത്തുന്ന പുനഃപരീക്ഷ നേരത്തെ എഴുതിയ അതേ കേന്ദ്രത്തിൽ തന്നെ എഴുതേണ്ടതാണ്.

### പ്രോജക്ട് സമർപ്പിക്കാം

2020 ജൂണിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂര വിദ്യാഭ്യാസം – 2017 അഡ്മിഷൻ) പരീക്ഷയുടെ പ്രോജക്ട് റിപ്പോർട്ട് ആഗസ്റ്റ് 26 ന് മുമ്പായി വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നേരിട്ടോ പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 5 വരെ അപേക്ഷിക്കാം.

## സി.എ.സി.ഇ.ഇ – വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 3 മാസം, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 5 മുതൽ 7 വരെ, ഫീസ്:6,000/– രൂപ.

പി.ജി ഡിപ്ലോമ കൗൺസിലിംഗ് സൈക്കോളജി കോഴ്സ്, യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി: ഒരു വർഷം, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ്ഫീസ്: 16,500/–രൂപ.

സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, ജി.എൻ.എം/ബി.എസ്.സി; നഴ്സിംഗ് കൂടാതെ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. ഫീസ്: 7500/– രൂപ, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് കാലാവധി: ആറ് മാസം

www.keralauniversity.ac.in ൽ നിന്നും 23 –ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 വിവാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 4.

## സ്റ്റുഡന്റ്സ് കാർഷിക ഫെല്ലോഷിപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചു...

സർവകലാശാല കാമ്പസിനെ കാർഷിക സമൃദ്ധമാക്കുന്ന ഹരിതാലയം പദ്ധതിയുടെ ഭാഗമായി കർഷകദിനത്തിൽ സ്റ്റുഡന്റ്സ് കാർഷിക ഫെല്ലോഷിപ്പ് പദ്ധതി തുടങ്ങി. തെരഞ്ഞെടുക്കപ്പെടുന്ന 50 വിദ്യാർത്ഥികൾക്കാണ് ആദ്യഘട്ടത്തിൽ ഫെല്ലോഷിപ്പ് നൽകുന്നത്. കാര്യവട്ടം കാമ്പസിലെ ഹരിതാലയം പദ്ധതിയുടെ ഭാഗമായുള്ള കാർഷിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും അതോടൊപ്പം കാർഷിക പ്രവർത്തനങ്ങൾക്ക് സഹായകമായ പഠനഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്കാണ് ഫെല്ലോഷിപ്പ് ലഭിക്കുന്നത്. കൃഷിജീവിതവുമായി തലമുറയെ ബന്ധിപ്പിക്കാനും കാർഷികവൃത്തി അക്കാദമിക ജീവിതത്തിന്റെ ഭാഗമായി കാണേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനുമാകുന്ന പദ്ധതിയാണിത്. സർവകലാശാല വൈസ് ചാൻസലർ, പ്രോ–വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, രജി

സ്ട്രാർ, കാമ്പസ് ഡയറക്ടർ, അദ്ധ്യാപകർ, ജീവനക്കാർ എന്നിവർക്കൊപ്പം കാമ്പസിലെ വിദ്യാർത്ഥികൾ കാർഷിക പ്രവർത്തനങ്ങളിൽ പങ്കാളികളായാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്.

കേരള സർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയുടെ കൂടി ഭാഗമായി നെൽകൃഷി, പച്ചക്കറികൃഷി, കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി, ഫലവൃക്ഷത്തോട്ടം എന്നിങ്ങനെ വിപുലമായ കാർഷികപ്രവർത്തനങ്ങളാണ് സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ നടന്നുവരുന്നത്.

## മാറ്റിവച്ച നാലാം സെമെസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകൾ ഓഗസ്റ്റ് 21, 24, 26 തീയതികളിൽ നടത്തുന്നതാണ്

തിരുവനന്തപുരം കോർപറേഷൻ പരിധിയിൽ ട്രിപ്പിൾ ലോക്ക്ഡൌൺ കാരണം ജൂലൈ 6,8,10 തീയതികളിൽ മാറ്റിവച്ച നാലാം സെമെസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകൾ (അഫിലിയേറ്റഡ് കോളേജുകൾ) യഥാക്രമം ഓഗസ്റ്റ് 21, 24, 26 തീയതികളിൽ രാവിലെ 9:30ന് അതതു പരീക്ഷാകേന്ദ്രങ്ങളിൽവച്ച് നടത്തുന്നതാണ്. കോവിഡ് 19 കാരണം ജൂലൈ 6,8,10 തീയതികളിൽ ഈ പരീക്ഷ എഴുതാൻ കഴിയാത്ത തിരുവനന്തപുരം കോർപറേഷൻ പരിധിയിൽ അല്ലാത്ത മറ്റു വിദ്യാർഥികൾക്കും ഈ അവസരം ഉപയോഗിക്കാവുന്നതാണ്. ജൂലൈ 1,3 തീയതികളിൽ നടന്ന നാലാം സെമെസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകൾ കോവിഡ് 19 കാരണം എഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് ഈ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 7,9 തീയതികളിൽ സർവകലാശാല പരിധിയിലുള്ള അഫിലിയേറ്റഡ കോളേജുകളിൽ എഴുതാൻ അവസരം നൽകാൻ സർവകലാശാല തീരുമാനിച്ചു. ഈ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ ku.controller@keralauniversity.ac.in എന്ന ഈ മെയിലിലേക്ക് ഓഗസ്റ്റ് 20ന് വൈകിട്ട് 3 മണിക്കകം അവരവരുടെ പരീക്ഷാ സംബന്ധമായ വിവരങ്ങൾ (main,subject,candidate code,opted centre ) അറിയിക്കേണ്ടതാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
18.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098